**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4472** | **01-07-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങൾക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങളെ യന്ത്രവൽക്കരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ കയർ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിയത്; | (എ) | സംഘങ്ങൾക്ക് ആവശ്യമായ ഡിഫൈബറിംഗ് മില്ല്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ , ഇ- റാട്ട്, വില്ലോയിംഗ് മെഷീൻ, ത്രാസ്, ബെയിലിംഗ് പ്രസ്സ്, സ്ലൈിംഗ് മെഷീൻ, വൈൻഡിംഗ് മെഷീൻ തുടങ്ങിയ മെഷീനറികളും, മെഷീനറികൾ സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ, പുതിയ വൈദ്യുതി കണക്ഷൻ, മെഷീൻ ഇൻസ്റ്റലേഷൻ തുടങ്ങിയവയ്ക്ക് ആവശ്യമായ തുകകളും അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ബി) | സഹായം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഇത് ഉപയോഗിച്ച് വാങ്ങിച്ച യന്ത്രങ്ങൾ മൂലം പ്രസ്തുത മണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് മെച്ചപ്പെട്ട ഉല്പാദനശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. മെഷീനറികൾ ലഭിച്ചതിനുശേഷം സംഘങ്ങൾക്ക് മെച്ചപ്പെട്ട ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതുവരെ 5531.54 ക്വിന്റൽ കയറും 2461.35 ക്വിന്റൽ ചകിരി നാരും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സഹകരണ സംഘങ്ങളിൽ ഇത്തരത്തിൽ വാങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കാതെയോ പ്രവർത്തനരഹിതമായോ കിടക്കുന്നുണ്ട്; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | കൊടുങ്ങല്ലൂർ സി.വി.സി.എസ് ക്ലിപ്തം നമ്പർ 326 ന്റെ നിലവിലുള്ള ഷെഡ്ഡ് 70 വർഷത്തോളം പഴക്കമുള്ളതാണ്. മേൽക്കൂര ഓട് മേഞ്ഞതായതിനാൽ കാലപ്പഴക്കം മൂലം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 6 എ.എസ്.എം. മെഷീനുകൾ സ്ഥാപിച്ചിരിക്കുന്നത് ഈ ഷെഡ്ഡിലായതിനാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൊടുങ്ങല്ലൂർ സി.വി.സി.എസ് ക്ലിപ്തം നമ്പർ 326-ൽ 2018 സെപ്റ്റംബർ മാസം മുതൽ പ്രവർത്തനമാരംഭിച്ച ഡി.എഫ് മെഷീനിൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ 1069710 തൊണ്ട് അടിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഈ മെഷീനിന്റെ പ്രവർത്തനം അറ്റകുറ്റപണികൾക്കായി നിർത്തിവച്ചിട്ടുണ്ട്.<br><br>മേൽ സംഘത്തിലേയും ഇതര സംഘങ്ങളിലേയും യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്തു |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ